## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2500**

**12/02/2020-ൽ മറുപടിയ്ക്ക്**

**കേരള ബാങ്ക് രൂപീകരണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എ.പി. അനിൽ കുമാർ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്ക് രൂപീകരണം, ജില്ലാ ബാങ്കുകളിൽ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങൾക്കും അർബൻ ബാങ്കുകൾക്കും ദോഷകരമാണെന്ന വാദം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരള ബാങ്ക് രൂപീകരണം മുൻ ജില്ലാ സഹകരണ ബാങ്കുകളിൽ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങൾക്കും അർബൺ ബാങ്കുകൾക്കും ദോഷകര-മാവുന്ന ഒന്നല്ല. മറിച്ചുള്ള വാദങ്ങൾ ഒന്നും ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | ജില്ലാ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ചത് മൂലം സംഘങ്ങളുടെ സ്വയംഭരണ സ്വഭാവത്തെ ദോഷകരമായി ബാധി-ക്കുന്ന അവസ്ഥ സംജാതമായിട്ടുണ്ടോ; | (ബി) | ജില്ലാ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിച്ചത് സഹകരണ സംഘങ്ങളുടെ സ്വയം ഭരണ സ്വഭാവത്തെ ദോഷകരമായി ബാധിക്കില്ല. |
| (സി) | സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളുടെ ഉല്പന്നങ്ങളുടെയും സേവനങ്ങളുടെയും ഏകീകരണം പൂർത്തിയായി-ട്ടുണ്ടോ; ഇല്ലെങ്കിൽ ഏത് ഘട്ടത്തി-ലാണെന്ന് അറിയിക്കുമോ; | (സി) | സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ പ്രകാരം ജില്ലാ സഹകരണ ബാങ്കുകളുടേയും സംസ്ഥാന സഹകരണ ബാങ്കിന്റേയും ഉൽപ്പന്നങ്ങൾ ഏകീകൃത-മാക്കിയിട്ടുണ്ട്. |
| (ഡി) | പുതിയ ബാങ്കിന് യോജിച്ച രീതിയിൽ ഉദ്യോഗസ്ഥ ഘടന നവീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ യെന്ന് വിശദമാക്കുമോ? | (ഡി) | ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നതുമായും പരിഷ്കരിക്കുന്നതുമായും ബന്ധപ്പെട്ട് പഠനം നടത്തുന്നതിന് വേണ്ടി നിയോഗി-ക്കപ്പെട്ടിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |

Scanned by CamScanner